**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1604** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വെയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവെ പുരോഗതി അറിയിക്കാമോ; | (എ) | ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 167 വില്ലേജുകളുടെ സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 3,42,731 ഹെക്ടർ സർവെ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട തിരഞ്ഞെടുത്ത വില്ലേജുകളിൽ 8 വില്ലേജുകളുടെ സർവെ അതിരടയള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 87 വില്ലേജുകളിലായി 47,573 ഹെക്ടർ സർവെ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. |
| (ബി) | നാളിതുവരെ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയാക്കിയെന്നും മുഴുവൻ വില്ലേജുകളിലും ഫീൽഡ് വർക്ക് പൂർത്തിയാക്കുന്നതിന് എത്ര സമയമെടുക്കുമെന്നും അറിയിക്കാമോ; | (ബി) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ല സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് സർക്കാർ തുടക്കം കറിച്ചിട്ടുള്ളത്. ഡിജിറ്റൽ സർവെയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 167 വില്ലേജുകളും, രണ്ടാം ഘട്ടത്തിൽ നിന്ന് 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 200 വില്ലേജുകളിലെ 9(2) ഈ മാസം പ്രസിദ്ധീകരിക്കും. എന്റെ ഭൂമി എന്ന പേരിലുള്ള ഇന്റഗ്രേറ്റഡ് പോർട്ടലും ഈ വില്ലേജുകളിൽ ഉടൻ ആരംഭിക്കാനാകും. |
| (സി) | തൃശൂർ ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ പൂർത്തിയായതെന്നും ഏതൊക്കെ വില്ലേജുകളിലാണ് ആരംഭിച്ചിട്ടുള്ളതെന്നും താലൂക്ക് തിരിച്ച് അറിയിക്കാമോ? | (സി) | തൃശ്ശൂർ ജില്ലയിൽ ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളിൽ 19 വില്ലേജിന്റെ ഡിജിറ്റൽ സർവെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചട്ടുണ്ട്. 4 വില്ലേജുകളുടെ |

| | | | |
|---|---|---|---|
| | | | ഫീൽഡ് ജോലി അന്തിമഘട്ടത്തിലാണ്. രണ്ടാം ഘട്ടത്തിലെ 5 വില്ലേജുകളുടെ ഫീൽഡ് ജോലി ആരംഭിച്ചിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത വില്ലേജുകളുടെ പുരോഗതി വിവരങ്ങൾ

| ക്രമ നം | താലൂക്ക് | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | ചാവക്കാട് | വലപ്പാട് | പുരോഗതിയിലാണ് |
| 2 | ചാവക്കാട് | നാട്ടിക | പുരോഗതിയിലാണ് |
| 3 | ചാവക്കാട് | തളിക്കുളം | 9(2) PUBLISHED |
| 4 | ചാവക്കാട് | ഏങ്ങണ്ടിയൂർ | പുരോഗതിയിലാണ് |
| 5 | തൃശ്ശൂർ | ചിയ്യാരം | 9(2) PUBLISHED |
| 6 | തൃശ്ശൂർ | മനക്കൊടി | 9(2) PUBLISHED |
| 7 | തൃശ്ശൂർ | ആലപ്പാട് | 9(2) PUBLISHED |
| 8 | തൃശ്ശൂർ | കുറുമ്പിലാവ് | 9(2) PUBLISHED |
| 9 | തൃശ്ശൂർ | ഇഞ്ചമുടി | 9(2) PUBLISHED |
| 10 | തൃശ്ശൂർ | ചാഴൂർ | 9(2) PUBLISHED |
| 11 | തൃശ്ശൂർ | കുർക്കഞ്ചേരി | 9(2) PUBLISHED |
| 12 | തൃശ്ശൂർ | കണിമംഗലം | 9(2) PUBLISHED |
| 13 | തൃശ്ശൂർ | കിഴക്കുംമുറി | 9(2) PUBLISHED |
| 14 | തൃശ്ശൂർ | വടക്കുംമുറി | 9(2) PUBLISHED |

| | | | |
|---|---|---|---|
| 15 | തൃശ്ശൂർ | പടിയം | 9(2) PUBLISHED |
| 16 | തൃശ്ശൂർ | കരമുക്ക് | 9(2) PUBLISHED |
| 17 | തൃശ്ശൂർ | കിഴുപ്പിള്ളിക്കര | 9(2) PUBLISHED |
| 18 | തൃശ്ശൂർ | പുത്തൂർ | 9(2) PUBLISHED |
| 19 | തൃശ്ശൂർ | പുള്ള് | 9(2) PUBLISHED |
| 20 | തലപ്പിള്ളി | കോട്ടപ്പുറം | 9(2) PUBLISHED |
| 21 | തലപ്പിള്ളി | ചിറ്റണ്ട | 9(2) PUBLISHED |
| 22 | കുന്നംകുളം | വേലൂർ | പുരോഗതിയിലാണ് |
| 23 | കുന്നംകുളം | തയ്യൂർ | 9(2) PUBLISHED |

<u>രണ്ടാംഘട്ടത്തിൽ ഫീൽഡ് ജോലി ആരംഭിച്ച വില്ലേജുകളുടെ വിവരങ്ങൾ</u>

| | താലൂക്ക് | വില്ലേജ് | പുരോഗതി |
|---|---|---|---|
| 1 | തൃശ്ശൂർ | തൃശ്ശൂർ | ആരംഭിച്ചു |
| 2 | തൃശ്ശൂർ | ചാലക്കൽ | ആരംഭിച്ചു |
| 3 | മുകുന്ദപുരം | പരപ്പൂക്കര | ആരംഭിച്ചു |
| 4 | മുകുന്ദപുരം | ആനന്ദപുരം | ആരംഭിച്ചു |
| 5 | ചാലക്കുടി | പോട്ട | ആരംഭിച്ചു |